**A** | സമഗ്ര ശിക്ഷ, കേരളം | **612**

# അർദ്ധവാർഷിക മൂല്യനിർണയം 2018–19

## മലയാളം

## അടിസ്ഥാനപാഠാവലി

**ക്ലാസ് : 6** | **സമയം: 2 മണിക്കൂർ**

---

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ **ഒന്നാമത്തെ** പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. **രണ്ടു മുതൽ ആറു വരെ** പ്രവർത്തനങ്ങളിൽ **നാലു** പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.

---

### പ്രവർത്തനം 1 – വായിക്കാം എഴുതാം

വടക്കൻ കേരളത്തിൽ ഉടലെടുത്ത വീരാരാധനാപരമായ നാടോടിപ്പാട്ടുകളാണ് വടക്കൻ പാട്ടുകൾ. വടക്കേ മലബാറിലെ കടത്തനാട്, കോലത്തുനാട്, വയനാട് തുടങ്ങിയ പ്രദേശങ്ങളിലെ കളരി അഭ്യാസങ്ങൾക്ക് പേരുകേട്ട തച്ചോളി, പുത്തൂരം തുടങ്ങിയ തറവാടുകളിലെ അഭ്യാസികളുടെ ജീവചരിത്രവും അവരെ പ്രകീർത്തിക്കലുമാണ് വടക്കൻ പാട്ടുകളിലെ സാരം. നാടൻപാട്ടുകളുടെ രൂപത്തിലുള്ള വടക്കൻപാട്ടുകൾ ' പാണൻമാർ ' വഴിയാണ് നാടെങ്ങും പ്രചരിച്ചതെന്ന് വടക്കൻപാട്ടുകളിൽ തന്നെ പറയുന്നു.

വടക്കൻപാട്ടുകൾ നൂറ്റാണ്ടുകളായി വാമൊഴിയായി തലമുറയിൽ നിന്നും തലമുറയിലേക്ക് പകർന്നു കിട്ടിയതാണ്. കാലാന്തരത്തിൽ ചില കൂട്ടലോ കുറയ്ക്കലോ വന്നിട്ടുണ്ടാകാമെങ്കിലും അവയിന്നും വലിയ കേടുപാടുകൾ ഇല്ലാതെ നിലനില്ക്കുന്നു. പതിനേഴോ പതിനെട്ടോ നൂറ്റാണ്ടുകളിലാണ് ഇത് രചിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതിലെ കഥാപാത്രങ്ങൾ അതിനു മുമ്പ് ജീവിച്ചിരുന്നവരാകാം. ' തച്ചോളി മാണിക്കോത്ത് മേപ്പയിൽ ' എന്ന തറവാട്ടുകാരും ' പുത്തൂരം വീട് ' എന്ന തറവാട്ടുകാരും ആണ് ഇവരിൽ പ്രമുഖർ. ഇവരെക്കുറിച്ചുള്ള വീരകഥകളാണ് വടക്കൻ പാട്ടുകളിലധികവും. അങ്ങനെ തച്ചോളിപ്പാട്ടുകളും പുത്തൂരംപാട്ടുകളും എന്ന് രണ്ടു പാട്ടു സമാഹാരങ്ങളുണ്ട്.

തച്ചോളി ഒതേനൻ, ആരോമൽ ചേകവർ, ഉണ്ണിയാർച്ച, പാലാട്ട് കോമൻ, പാലാട്ട് കുഞ്ഞിക്കണ്ണൻ, ആരോമലുണ്ണി, പയ്യമ്പിള്ളി ചന്തു എന്നിങ്ങനെ ധാരാളം വീരകഥാപാത്രങ്ങളെ നമുക്ക് വടക്കൻപാട്ടുകളിൽ കണ്ടെത്താം.

1. വടക്കൻ കേരളത്തിൽ ഉടലെടുത്ത വടക്കൻ പാട്ടുകൾ

   (വിഗ്രഹാരാധനാപരമാണ്, വീരാരാധനാപരമാണ്, വിചിത്രാചാരപരമാണ്)
2. വടക്കൻ പാട്ടുകളുമായി യോജിക്കാത്ത പ്രസ്താവന ഏത്?

   (നൂറ്റാണ്ടുകളായി വാമൊഴിയായി പകർന്നു കിട്ടിയതാണ്, കാലാന്തരത്തിൽ ചില കൂട്ടലുകളും കുറയ്ക്കലുകളും വന്നിട്ടുണ്ട്, പന്ത്രണ്ടോ പതിമൂന്നോ നൂറ്റാണ്ടുകളിലാണ് രചിക്കപ്പെട്ടത്)
3. തച്ചോളിത്തറവാടിന്റെ മുഴുവൻ പേര് എന്താണ്?

   (തച്ചോളി മാണിക്കോത്ത് മേപ്പയിൽ, തച്ചോളി പുത്തൂരംപുരയിൽ, തച്ചോളി മാണിക്കോത്ത് കിഴക്കയിൽ)

4. വടക്കൻ പാട്ടുകളിൽ ഉൾപ്പെടാത്ത യോദ്ധാവ്?

(പയ്യമ്പിള്ളിചന്തു, കായംകുളം കൊച്ചുണ്ണി, ആരോമൽ ചേകവർ)

5. വടക്കൻ പാട്ടുകൾ നാടെങ്ങും പ്രചരിപ്പിച്ചത്

(പാക്കനാർമാർ, പാട്ടുക്കൂട്ടം, പാണന്മാർ)

## പ്രവർത്തനം. 2 - അഭിപ്രായക്കുറിപ്പ്

*"ഒരു ചെടിയും നട്ടുവളർത്തീ-*
*ലോണപ്പൂവെങ്ങനെ നുള്ളാൻ*
*ഒരു വയലും പൂട്ടിവിതച്ചീ-*
*ലോണച്ചോറെങ്ങനെയുണ്ണാൻ ?*
*ഒരു വാഴക്കന്നും നട്ടീ -*
*ലോണപ്പഴമെങ്ങനെ തിന്നാൻ*
*ഒരു കഴി നൂൽപോലും നൂറ്റീ-*
*ലോണത്തുണിയെങ്ങനെയണിയാൻ ?*
*ഒരു കരളിൻ സ്നേഹം പാകീ-*
*ലോണക്കളിയെന്തു കളിക്കാൻ ?*
*ഉള്ളത്തിൽ കള്ളക്കർക്കട-*
*മെങ്ങനെ പോന്നോണം പുലരാൻ ?'*

(ഓണം - എൻ വി കൃഷ്ണവാരിയർ)

*"അത്തംപുലർന്നു വിടർന്നു കാണു*
*മുറ്റത്ത് പൂക്കളമിട്ടിടേണ്ടേ ?*
*മുറ്റമാപ്പുറ്റാത്തിന്നോണനാളായ്*
*മുറ്റമില്ലാത്ത നാമെന്തു ചെയ്യും*
*ഏഴു നിലയുള്ള സൗധമൊന്നിൽ*
*ഏഴാം നിലയിലെ വാടകക്കാർ*
*നാഗരികർ നാകവാസികൾ നാം*
*ഓണത്തെയെങ്ങനെ സ്വീകരിക്കും"*

(ഫ്ളാറ്റിലെ ഓണം- നെടുമുടി ഹരികുമാർ)

മുകളിൽ കൊടുത്തിരിക്കുന്ന കവിതാഭാഗങ്ങൾ വായിച്ചുവല്ലോ ? ഓണത്തെക്കുറിച്ചുള്ള കവിതകളിൽ കവികളുടെ കാഴ്ച്ചപ്പാടുകളാണ് ഇവിടെ വ്യക്തമാക്കുന്നത്. ഈ കവിതകളിലെ ആശയത്തോട് നിങ്ങളുടെ നിലപാട് വ്യക്തമാക്കിക്കൊണ്ട് കുറിപ്പ് തയാറാക്കുക.

## പ്രവർത്തനം 3 - കഥാപാത്രനിരൂപണം

ജീവിതസാഹചര്യങ്ങൾക്കൊണ്ട് നാടുകടത്തപ്പെട്ട ഒരു പെൺകുട്ടിയുടെ കഥയാണ് 'തേങ്ങ'യെന്ന പാഠഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. അക്കമ്മ എന്ന കഥാപാത്രത്തിന്റെ സ്വഭാവസവിശേഷതകൾ പരാമർശിച്ച് കഥാപാത്രനിരൂപണം തയാറാക്കുക.

## പ്രവർത്തനം 4 - ആസ്വാദനക്കുറിപ്പ്

താഴെ കൊടുത്തിരിക്കുന്ന കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക. കവിതയുടെ ആശയം, വരികളുടെ ഭംഗി, സവിശേഷമായ പ്രയോഗങ്ങൾ ഇവ പരിഗണിക്കുമല്ലോ....

**സമ്മാനം**

***പൂപോലെയുള്ള നിലാവു തന്നു***
***പൂവിൽ മധുരം നിറച്ചു തന്നു***
***ആകാശമെന്ന കുടയ്ക്കു കീഴിൽ***
***ആയിരം വർണോത്സവങ്ങൾ തന്നു.***
***മേടിന്റെ പച്ചപ്പരപ്പു തന്നു***
***കാടിന്റെ നീലമേലാപ്പു തന്നു***
***കാർമുകിലിന്റെ കനവു തന്നു***
***വാർമഴവില്ലിൻ കസവു തന്നു***
***ആളിപ്പടരുവാൻ അഗ്നി തന്നു***
***ആഴിയിൽ വെള്ളം നിറച്ചു തന്നു***
***ആറ്റിൻ തിരയിളക്കങ്ങൾ തന്നു***
***മഞ്ഞിന്റെ വെള്ളിക്കുളിരു തന്നു***
***കാറ്റിന്റെ ചൂളം വിളികൾ തന്നു***
***തേനിറ്റു വീഴും പഴങ്ങൾ തന്നു***
***നീയെൻ പ്രപഞ്ചമേ, ജീവനായി-***
***ത്തന്നതെന്തെല്ലാമനുഗ്രഹങ്ങൾ!***

*(പി. മധുസൂദനൻ)*

## പ്രവർത്തനം 5 - പ്രതികരണക്കുറിപ്പ്

തൊട്ടിലും താരാട്ടുമായി മകളെ ഉറക്കുന്ന പ്രകൃതിയെയാണ് സച്ചിദാനന്ദന്റെ 'വേഗമുറങ്ങ്' എന്ന കവിതയിൽ നാം കാണുന്നത്. മകളുടെ സ്വപ്നങ്ങളിൽ ജീവിതത്തിന്റെ പുതുമുളകൾ പൊട്ടിവിരിയും എന്ന്, മനോഹരമായ ദൃശ്യങ്ങളിലൂടെയും പ്രയോഗങ്ങളിലൂടെയും കവി വരച്ചു കാട്ടുന്നു.

ഈ പ്രസ്താവനകളോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?

നിങ്ങളുടെ പ്രതികരണം ഒരു കുറിപ്പായി എഴുതുക.

**പ്രവർത്തനം 6 - ജീവചരിത്രക്കുറിപ്പ്**

(എ) കേരളത്തിന്റെ സംസ്കാരിക പാരമ്പര്യത്തെയും സൗന്ദര്യത്തെയും പ്രകീർത്തിക്കുന്ന 'കേരള ഗാന'ത്തിന്റെ രചയിതാവായ ബോധേശ്വരനെക്കുറിച്ച് നിങ്ങൾക്കറിയാവുന്ന കാര്യങ്ങളും ചുവടെ ചേർക്കുന്ന സൂചനകളും കൂട്ടിച്ചേർത്ത് ഒരു ജീവചരിത്രക്കുറിപ്പ് തയാറാക്കുക.

സ്വാതന്ത്ര്യസമരസേനാനി, വാഗ്മി, കവി
സാമൂഹിക നവോത്ഥാന പ്രവർത്തകൻ

പിതാവ് - പുത്തൻവീട്ടിൽ കുഞ്ഞൻപിള്ള
മാതാവ് - ജാനകിയമ്മ

ജനനസ്ഥലം - നെയ്യാറ്റിൻകര

പ്രവർത്തനങ്ങൾ - തിരുവനന്തപുരത്തു നിന്ന് പുറപ്പെട്ട
വൈക്കം സത്യാഗ്രഹ ജാഥയുടെ സൂത്രധാരൻ.
തിരുവിതാംകൂറിലെ അയിത്തോച്ചാടന കമ്മിറ്റി കാര്യദർശി.

കൃതികൾ - ആദർശാരാമം, ഹൃദയാങ്കുരം,സ്വതന്ത്രകേരളം, മതപ്രബന്ധങ്ങൾ

ജീവിതകാലം : 1900 - 1990

(ബി)ശ്രീ. ബോധേശ്വരന്റെ മകൾ മലയാളത്തിലെ പ്രശസ്തയായ ഒരു കവയിത്രി ആണ്. ആരാണ് ഈ കവയിത്രി?